മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ഫെബ്രുവരി 18

# വാർത്താക്കുറിപ്പ്

---

## ഡോ. സാബു തോമസിന് ഓക്സ്ഫഡ് അക്കാദമിക് യൂണിയന്റെ ഓണററി പ്രൊഫസർ പദവി

യു.കെ. ആസ്ഥാനമായി പ്രവർത്തിക്കുന്ന അക്കാദമിക് യൂണിയൻ, ഓക്സ്ഫഡ്, മഹാത്മാഗാന്ധി സർവ്വകലാശാല വൈസ് ചാൻസലർ കൂടിയായ പ്രമുഖ ഗവേഷകനും ശാസ്ത്രജ്ഞനുമായ ഡോ. സാബു തോമസിന് ഓണററി പ്രൊഫസർ പദവി നൽകി ആദരിക്കുന്നു. അക്കാദമിക് യൂണിയന്റെ പൂർണാംഗത്വത്തിനും ഓണററി പ്രൊഫസർമാരുടെ വിദഗ്ദസമിതി അംഗത്വത്തിനും പ്രൊഫ. സാബു തോമസിനെ തെരഞ്ഞെടുത്തതായി അക്കാദമിക് യൂണിയൻ പ്രോഗ്രാം കോ-ഓർഡിനേറ്റർ ആൻ ജൂലിയ മേ അറിയിച്ചു.

ശാസ്ത്ര ഗവേഷണം, വിദ്യാഭ്യാസം, വിദ്യാഭ്യാസ മാനേജ്മെന്റ് സമൂഹത്തിന്റെ പൊതുവായ വികസനം തുടങ്ങിയ മേഖലകളിൽ നിൽക്കുന്ന ക്രിയാത്മക സംഭാവനകൾ മുൻനിർത്തിയാണ് ഈ വിശിഷ്ഠ ബഹുമതി അക്കാദമിക യൂണിയൻ നൽകി വരുന്നത്. ഡോ. സാബു തോമസിന്റെ നേതൃത്വത്തിൽ മഹാത്മാഗാന്ധി സർവവകലാശാല നടത്തിവരുന്ന ഗൗരവമേറിയ പഠന-ഗവേഷണ പ്രവർത്തനങ്ങളേയും കണ്ടുപിടുത്തങ്ങളേയും യൂറോപ്പിലും ലോകത്തിന്റ് മറ്റ് ഭഗങ്ങളിലും പ്രചരിപ്പിക്കുന്നതിനും അന്തർദേശീയ രംഗത്ത് നടക്കുന്ന വിവിധ അക്കാദമിക് പ്രവർത്തനങ്ങളിൽ സർവ്വകലാലയുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ഈ ബഹുമതി ഏറെ സഹായകമാകും.

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ വിവിധ മേഖലകളിലുള്ള നേട്ടങ്ങളെ കുറിച്ച് ഓക്സ്ഫഡ് അക്കാദമിക് യൂണിയന്റെ വിവിധ മാധ്യമങ്ങൾ വഴി പ്രചരിപ്പിക്കുന്നതിനും അക്കാദമിക-ഗവേഷണ രംഗങ്ങളിലെ മുൻനിരയിലുള്ള വിദഗ്ധരുമായി സ്വതന്ത്രമായ ആശയ വിനിമയം നടത്തുന്നതിനും അന്തർദേശീയ തലത്തിൽ സംഘടിപ്പിക്കപ്പെടുന്ന ഓൺലൈൻ പ്രദർശനങ്ങളിൽ പങ്കെടുക്കുന്നതിനും ഈ ബഹുമതി എം.ജി. സർവ്വകലാശാലക്ക് വഴി തുറക്കുന്നതാണ് ഈ നേട്ടം.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള മുന്നൂറ്റി അമ്പതോളം സർവ്വകലാശാലകളിലെ ചാൻസലർമാർ, വിദഗ്ധരായ ശാസ്ത്രജ്ഞർ, ഗവേഷകർ എന്നിവർക്ക് പങ്കാളിത്തമുള്ള ഓക്സ്ഫഡ് അക്കാദമിക് യൂണിയൻ, അക്കാദമിക് ഗവേഷണ രംഗത്ത് പ്രവർത്തിക്കുന്ന

ഏകോപിപ്പിക്കുക എന്ന ദൗത്യം ഏറ്റെടുത്ത് പ്രവർത്തിച്ചുവരുന്ന ഒരു സ്ഥാപനമാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പുറമെ വ്യവസായ സ്ഥാപനങ്ങൾക്കും യൂണിയനിൽ അസോസിയേറ്റ് അംഗത്വം നൽകുന്നുണ്ട്.

പോളിമർ-നാനോ ശാസ്ത്ര മേഖലകളിലെ അറിയപ്പെടുന്ന ശാസ്ത്രജ്ഞനും ഗവേഷകനുമായ ഡോ. സാബു തോമസ് ദേശീയ-അന്തർദേശീയ തലങ്ങളിൽ ശ്രദ്ധേയമായ നിരവധി ബഹുമതികൾക്ക് അർഹത നേടിയിട്ടുള്ള ഒരു ശാസ്ത്ര പ്രതിഭയാണ്. വിവിധ സർവ്വകലാശാലകളുടെ ഓണററി ഡോക്ടറേറ്റിന് അർഹത നേടിയിട്ടുള്ള അദ്ദേഹം കേന്ദ്ര സയൻസ് ആന്റ് ടെക്നോളജി വകുപ്പിന്റെ നാനോവിഷൻ അവാർഡ്, സി.എൻ.ആർ. റാവു അവാർഡ്, കൈരളി ലൈഫ് ടൈം റിസർച്ച് അവാർഡ് എന്നിവ കരസ്ഥമാക്കിയിട്ടുണ്ട്. ലണ്ടനിലെ റോയൽ സൊസൈറ്റി ഓഫ് റിസർച്ചിന്റെ പൊട്ടെൻഷ്യൽ റിസർച്ചർ ബഹുമതിയും ഡോ. സാബു തോമസ് നേടിയിട്ടുണ്ട്. യൂറോപ്യൻ അക്കാദമി ഓഫ് സയൻസസ് ഫെല്ലോഷിപ്പ് ജേതാവായ ഡോ. സാബു തോമസ് യു.എസ്.എ, ഫ്രാൻസ്, റഷ്യ തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള ഗവേഷണ കേന്ദ്രങ്ങളുമായി സഹകരിച്ച് എം ജി സർവ്വകലാശാല നടത്തുന്ന നിരവധി സംയുക്ത ഗവേഷണ പദ്ധതികൾക്ക് നേതൃത്വം നൽകിയിട്ടുണ്ട്. മഹാത്മാഗാന്ധി സർവ്വകലാശാലയിലെ സ്കൂൾ ഓഫ് ടെക്നോളജി ആൻ്റ് അപ്ലൈഡ് സയൻസസ്, ഇൻ്റർനാഷണൽ ആൻറ് ഇൻറർ യൂണിവേഴ്സിറ്റി സെൻ്റർ ഫോർ നാനോ സയൻസ് ആൻ്റ് നാനോ ടെക്നോളജി എന്നീ സ്ഥാപനങ്ങളുടെ സ്ഥാപക ഡയറക്ടർ കൂടിയായ അദ്ദേഹം നാനോ, പോളിമർ ശാസ്ത്ര മേഖലകളിൽ ആഗോള തലത്തിൽ തന്നെ അംഗീകരിക്കപ്പെട്ട ഉന്നത ശ്രേണിയിൽ ഉൾപ്പെടുന്ന ശാസ്ത്രജ്ഞനും ഗവേഷകനുമാണ്.

(പി.ആർ.ഒ./39/186/2022)

## പരീക്ഷ മാർച്ച് 14 മുതൽ

സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിന്റെ രണ്ടാം സെമസ്റ്റർ എം.എഡ് (സി.എസ്.എസ്.) (2020-2022 ബാച്ച് - റെഗുലർ / 2019-21 ബാച്ച് - സപ്ലിമെന്ററി) എക്സ്റ്റേണൽ പരീക്ഷകൾ മാർച്ച് 14 ന് തുടങ്ങും. അപേക്ഷകൾ പിഴയില്ലാതെ ഫെബ്രുവരി 28 വരെയും 525 രൂപ പിഴയോടു കൂടി മാർച്ച് രണ്ട് വരെയും സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസ് ഓഫീസിൽ സ്വീകരിക്കും. പരീക്ഷാഫീസ് സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് സർവ്വകലാശാല വെബ്സൈറ്റ് (www.mgu.ac.in) സന്ദർശിക്കുക.

(പി.ആർ.ഒ./39/187/2022)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ